(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ എത്ര കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട് ; നേരിടുള്ള നിയമനം വഴി നിയമിതരായവർ എത്ര ; പ്രമോഷൻ വഴിയോ തസ്തികമാറ്റം വഴിയോ നിയമിക്കപ്പെട്ടവർ എത്ര ;

(സി) ഇതര സർക്കാർ വകുപ്പുകളിൽ നിന്നും ജെ.ഡി.സി., എച്ച്.ഡി.സി. എന്നീ യോഗ്യതകളിലേതെങ്കിലുമുള്ള എത്രപേർക്ക് കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്ത് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിൽ ആകെ 484 ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നേരിട്ട് 230 തസ്തികമാറ്റം വഴി 70 പ്രൊമോഷൻ വഴിയുള്ള നിയമനം 184.

(സി) കഴിഞ്ഞ മൂന്ന് കൊല്ലക്കാലയളവിൽ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് ഇത്തരത്തിലുള്ള നിയമനം ഒന്നും നൽകിയിട്ടില്ല.

അക്കാഡമി ഓഫ് പ്രൊഫഷണൽ കോഴ്സസ്

157 (382) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. അച്ചുതൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്കാഡമി ഓഫ് പ്രൊഫഷണൽ കോഴ്സസ് എന്ന ഒരു സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ മൂലധനം എത്രയാണ് ;

(സി) അംഗങ്ങൾ ആരെല്ലാമാണ് ;

(ഡി) അംഗങ്ങളിൽ ഓരോരുത്തരും ഇതുവരെ എത്ര തുകവീതം ഷെയർ ക്യാപ്പിറ്റലായി നൽകിയിട്ടുണ്ട് ;

(ഇ) ഈ സ്ഥാപനം എന്തെല്ലാം പ്രൊഫഷണൽ കോഴ്സുകൾ എവിടെയെല്ലാം നടത്തുവാനുദ്ദേശിക്കുന്നത് ;

(എഫ്) ഇപ്പോൾ ഈ സ്ഥാപനം എവിടെയെല്ലാം എന്തെല്ലാം പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നു ;

(ജി) ഈ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ് ;

(എച്ച്) അവർ ഏത് രാഷ്ട്രീയ കക്ഷികളിലെ അംഗങ്ങളാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി-എച്ച്) ബാധകമല്ല.

മലയാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

158 (383) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്തതെന്നാണ് ;

(ബി) ഇതിന്റെ മൂലധനം എത്രയാണ് ;

(സി) ഈ സൊസൈറ്റിക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്തുതുക ഗ്രാന്റായി നൽകി ;

(ഡി) ഈ സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ് ; അവർ ഏതെല്ലാം രാഷ്ട്രീയ കക്ഷിയിലെ അംഗങ്ങളാണ് ;

(ഇ) ഈ സൊസൈറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത് ;

(എഫ്) അതിന്റെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ജി) ഈ സംഘത്തിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(എച്ച്) അവർ ഓരോരുത്തരും എന്തു തുകയ്ക്കുള്ള ഓഹരി എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്തത് 15-2-2000-ൽ ആണ്.

(ബി) സംഘത്തിന്റെ അംഗീകൃത മൂലധനം 20 കോടി രൂപയാണ്.

(സി) ഈ സൊസൈറ്റിക്ക് കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും 36 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(ഡി) ഈ സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ താഴെപ്പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly